(എഫ്) എറണാകുളം ജില്ലയിൽ ഏതെല്ലാം അറ്റകുറ്റ ജോലികളാണ് ഇപ്പോൾ നടന്നുവരുന്നത്; ഓരോന്നിന്റെയും മതിപ്പുചെലവ് എത്രയാണ്; സിവിൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളിലായി ജില്ലാ ഉദ്യോഗസ്ഥർ നൽകിയ അറ്റകുറ്റ ജോലികളുടെ എത്ര നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്; എറണാകുളം ജില്ലയിൽ നിന്നും ലഭിച്ച ഇത്തരം നിർദ്ദേശങ്ങളുടെ വിശദവിവരവും ഇവ നടപ്പാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണവും അറിയിക്കാമോ;

(ജി) അടിയന്തിര പ്രാധാന്യമുള്ള അറ്റകുറ്റപ്പണികൾ ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർവ്വഹിക്കാൻ അധികാരം നൽകുന്നതടക്കമുള്ള നടപടികളുടെ ലഘൂകരണം വഴി ജല സേചന പ്രവർത്തനം തടസ്സപ്പെടാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(എച്ച്) നിർമ്മാണം പൂർത്തിയാകാത്ത എത്ര പദ്ധതികളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ; ഇവ പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളും ഇതിനകം മുടക്കിയ തുകയുടെ വിശദവിവരവും ലഭ്യമാക്കാമോ;

(ഐ) പുതിയതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും നിർമ്മാണച്ചെലവ് എത്രയെന്നും അറിയിക്കുമോ?

ഉത്തരം

(എ—ഐ) ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികളെയും അവയുടെ അറ്റകുറ്റപ്പണികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ജില്ലാതല ഓഫീസുകളിൽനിന്നും ലഭ്യമാണ്.

നബാർഡിന്റെ സഹായത്തോടെയുള്ള തൃശ്ശൂർ ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

21 [903] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തൃശ്ശൂർ ജില്ലയിൽ നിന്ന് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിൽ വല്ലച്ചിറ, വെങ്ങിണിശ്ശേരി, നെരുവിശ്ശേരി, കിഴക്കേമന തുടങ്ങിയ പദ്ധതികൾ നബാർഡിൽ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) കൊറ്റംകോട്, ഇല്ലിക്കൽ, ഓടൻചിറ റെഗുലേറ്ററുകൾ പുതുക്കി പണിയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ നബാർഡ് സഹായത്തോടെ ആർ. ഐ. ഡി. എഫ്. 9-ൽ തൊട്ടിപ്പാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പാഞ്ഞാൾ പഞ്ചായത്തിലെ വാഴാലിപ്പാടം എൽ. ഐ. സ്കീം, വല്ലച്ചിറ പഞ്ചായത്തിലെ വല്ലച്ചിറ എൽ. ഐ. സ്കീം, വേലൂർ പഞ്ചായത്തിലെ തയ്യൂർ എൽ. ഐ. സ്കീം, പിലാർമുഴി എൽ. ഐ. സ്കീം, കാലയിടം എൽ. ഐ. സ്കീം.

(സി) വല്ലച്ചിറ എൽ. ഐ. സ്കീം നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടതിനാൽ അവ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വെങ്ങിണിശ്ശേരി, നെതുവിശ്ശേരി, കിഴക്കേമന എന്നീ പദ്ധതികൾ നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല. വെങ്ങിണിശ്ശേരി, കിഴക്കേമന പദ്ധതികൾക്ക് 10 ലക്ഷം രൂപ വീതം എം. പി. ഫണ്ടിൽനിന്നും ലഭ്യമായതിനാൽ കളക്ടർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കൊറ്റംകോട് റെഗുലേറ്ററിന്റെ ഷട്ടറുകളുടെ പുതുക്കിപ്പണിയുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഇല്ലിക്കൽ റെഗുലേറ്ററിന്റെ എല്ലാ ഷട്ടറുകളും ഹോയ്സ്റ്റിംഗ് അറേഞ്ചുമെന്റും പുതുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് റീ വാംപിംഗ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി അടുത്ത സാമ്പത്തിക വർഷം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ഓടൻചിറ റഗുലേറ്ററിന്റെ 3 ഷട്ടറുകൾ പുനർ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആയിട്ടുണ്ട്. ബാക്കി ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ അടുത്ത സാമ്പത്തിക വർഷം നടത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ഫാർമേഴ്സ് അസോസിയേഷനുകൾ

22 [904] ശ്രീ. എഴുകോൺ നാരായണൻ:
„ എൻ. ഡി. അപ്പച്ചൻ:
„ എം. മുരളി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര ഫാർമേഴ്സ് അസോസിയേഷനുകൾ രൂപവൽക്കരിച്ചിട്ടുണ്ട്;

(ബി) ഇത്തരം അസോസിയേഷനുകൾ രൂപീകരിക്കുന്നതു സംബന്ധിച്ച് നടപടിക്രമം വ്യക്തമാക്കാമോ;

(സി) ഈ അസോസിയേഷനുകൾക്ക് വേണ്ടിയുള്ള കോംപിറ്റന്റ് അതോറിറ്റികളെ നിയമിച്ചുകഴിഞ്ഞുവോ?

LIBRARY ARCHIVES Kerala Legislative Assembly